**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **08-12-2022 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ ചൊവ്വന്നൂർ, പോർക്കുളം, കാട്ടകമ്പാൽ, വേലൂർ, കടങ്ങോട് എന്നീ പഞ്ചായത്തുകളിലേയും കുന്നംകുളം നഗരസഭയിലെയുമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പുനർനിക്ഷിപ്തം ചെയ്ത് നൽകേണ്ട പട്ടയ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കുന്നംകുളം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പുനർനിക്ഷിപ്തം ചെയ്ത് നൽകേണ്ട പട്ടയ അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് - 14<br><br>പോർക്കുളം ഗ്രാമപഞ്ചായത്ത് - 9<br><br>കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - 17<br><br>വേലൂർ ഗ്രാമപഞ്ചായത്ത് - 13<br><br>കടങ്ങോട് ഗ്രാമപഞ്ചായത്ത് - 27<br><br>കുന്നംകുളം മുനിസിപ്പാലിറ്റി - 17 |
| (ബി) | പട്ടയ വിതരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കുന്നംകുളം താലൂക്കിന് കീഴിലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിച്ചു വരുന്ന കൈവശക്കാരുടെ പതിവ് അപേക്ഷകളിൽ പതിവു ഭൂമികൾ പുനർനിക്ഷിപ്തം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും, 13 കേസുകൾ പട്ടയവിതരണത്തിനായുള്ള അവസാനഘട്ട ത്തിലുമാണ്. |
| (സി) | പട്ടയ വിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ മാറ്റി എന്നേക്ക് പട്ടയം വിതരണം ചെയ്യാനാകും, അറിയിക്കുമോ? | (സി) | ഉണ്ട്. പുനർനിക്ഷിപ്തം നടപടികളിൽ കാലതാമസം നേരിടുന്നത് പട്ടയവിതരണത്തിന് നിലവിൽ തടസ്സം നേരിടുന്നതാണ്. പ്രസ്തുത പുറമ്പോക്ക് ഭൂമികൾ പുനർനിക്ഷിപ്തം ചെയ്ത് കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം ലഭ്യമാകുന്ന മുറയ്ക്ക് പട്ടയവിതരണത്തിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ